"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ക്രിസ്ത്യൻ മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ്(റിട്ട.) ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശ നം.8.262 - മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും വീട്ടുനമ്പർ അനുവദിക്കുന്ന വിഷയത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പരിസ്ഥിതി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(കൈ) നം.63/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

---

**<u>ഉത്തരവ്</u>**

ക്രിസ്ത്യൻ മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ്(റിട്ട.) ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശ നം.8.262-ൽ 2019-ലെ Coastal Regulation Zone (CRZ) വിജ്ഞാപനം തീരദേശവാസികൾക്ക് വീട് നിർമ്മിക്കുവാനും പുനർനിർമ്മിക്കുവാനും അനുവാദം നൽകിയിരിക്കുന്നുവെങ്കിലും മൂന്നിരട്ടി നികുതി അടയ്ക്കാൻ നിർബ്ബന്ധിതരാക്കുന്ന U/A നമ്പർ മാത്രമാണ് ഭവനങ്ങൾക്ക് നൽകിയിരിക്കുന്നതെന്നും, 2019-ലെ Coastal Regulation Zone (CRZ) വിജ്ഞാപനപ്രകാരം മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും ഭവനനിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളതിനാൽ നിലവിലുള്ള എല്ലാ ഭവനങ്ങളും അപ്രകാരം ക്രമീകരിച്ച് U/A നമ്പരിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്ന് ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-ലെ CRZ വിജ്ഞാപനപ്രകാരം മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത തീരവാസികൾക്കും ഭവനനിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വീടുകൾക്ക് വീട്ടുനമ്പർ അനുവദിക്കുന്ന വിഷയത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സ്പെഷ്യൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് എന്നിവരടങ്ങിയ കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

സ്പെഷ്യൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോറിറ്റി, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ(പ്രസ് റിലീസ്), വിവരപൊതുജന സമ്പർക്ക വകുപ്പ്

പൊതുഭരണ(അതീവരഹസ്യ വകുപ്പ്) (24.02.2026-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം.3746 O.A. പ്രകാരം)

പൊതുഭരണ(ന്യൂപക്ഷ ക്ഷേമ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

സെക്ഷൻ ഓഫീസർ

Date: 27-02-2026 21:01:56

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സിഎയ്ക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 24-02-2026

ഇനം നം: 3746
O.A.

വിഷയം : ന്യൂനപക്ഷക്ഷേമ വകുപ്പ് - ക്രിസ്ത്യൻ മത ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ്. (റിട്ട) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു.
കുറിപ്പിലെ നിർദ്ദേശം -

1. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ചു. ആയത് ഔദ്യോഗികമായി പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.
2. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.